(എ) 8, 9, ക്ലാസ്സുകളിൽ ഡി+ എന്ന ഗ്രേഡിനു താഴെ ഗ്രേഡു വാങ്ങിയ കുട്ടികൾക്കു അടുത്ത ക്ലാസ്സുകളിലേക്കു യഥാക്രമം ക്ലാസ് കയറ്റം നൽകേണ്ടതില്ല എന്നു തീരുമാനിച്ചിട്ടുണ്ടോ;

(ബി) 10.ക്ലാസ്സിലെ പൊതുപരീക്ഷയ്ക്കു ഗ്രേഡിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് മുമ്പ് 8-ാം ക്ലാസ്സിൽ നിന്നും 9-ാം ക്ലാസ്സിലേക്കും 9-ാം ക്ലാസ്സിൽ നിന്നു 10-ാം ക്ലാസ്സിലേയ്ക്കും ക്ലാസ് കയറ്റം നൽകുന്നതിനു സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ";

(സി) എസ്. എസ്. എൽ. സി.-ക്കു ഗ്രേഡിംഗ് ആരംഭിച്ചപ്പോൾ 10-ാം ക്ലാസ്സിലേക്കു ക്ലാസ് കയറ്റം നൽകുന്നതിനുമുമ്പ് സ്വീകരിച്ചിരുന്ന അതേ മാനദണ്ഡങ്ങൾ തുടരുന്നതിനുള്ള ബുദ്ധിമുട്ട് എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 8, 9 ക്ലാസ്സുകളിൽനിന്നു 80%-നു മുകളിൽ കുട്ടികൾക്കു ക്ലാസ് കയറ്റം നൽകണമെന്നതാണു നിലവിലുള്ള നിർദ്ദേശം.

(സി) ഗ്രേഡിംഗ് അനുസരിച്ചുള്ള എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു എല്ലാ വിഷയങ്ങൾക്കും കുറഞ്ഞതു ഡി+ ഗ്രേഡു ആണു ഉപരിപഠനത്തിനുള്ള മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതു. എന്നാൽ 8, 9 ക്ലാസ്സുകളിൽ ഇതേ മാനദണ്ഡം സ്വീകരിക്കുന്ന പക്ഷം 80%-നു മുകളിൽ വിദ്യാർത്ഥികൾക്കു ക്ലാസ് കയറ്റം നൽകാനാവില്ല. 8, 9 ക്ലാസുകളിൽ നിന്നുള്ള ക്ലാസ് കയറ്റത്തിനുള്ള മാനദണ്ഡങ്ങൾ 10-ാം ക്ലാസ്സിലേതുപോലെ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു മോഡറേഷൻ

94 [2407] ശ്രീ. ജോർജ് ജെ. മാത്യു:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്:
,, വർക്കല കഹാർ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു മോഡറേഷൻ അനുവദിച്ചിരുന്നോ;

(ബി) എങ്കിൽ എത്ര മാർക്കു വീതം എന്നു വെളിപ്പെടുത്തുമോ;

(സി) ഇപ്രാവശ്യം ഡി+ ഗ്രേഡിനു താഴെ ഗ്രേഡു വാങ്ങിയ എത്ര വിദ്യാർത്ഥികൾ ഉണ്ട്;

(ഡി) കഴിഞ്ഞ വർഷം എത്ര മാർക്കു മോഡറേഷൻ നൽകി;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മോഡറേഷൻ ലഭിച്ചതിനുശേഷം ഉള്ള വിജയശതമാനം അന്ന് എത്രയായിരുന്നു;

(എഫ്) മോഡറേഷൻ ഇല്ലാതെയുള്ള വിജയശതമാനം അന്ന് എത്രയായിരുന്നു; ആകെ പരീക്ഷയ്ക്കിരുന്ന വിദ്യാർത്ഥികളിൽ ഇവർ എത്ര ശതമാനം വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ. ബി) ഇപ്രാവശ്യം എസ്. എസ്. എൽ. സി. പരീക്ഷ പുതിയ സ്കീമിൽ (ഗ്രേഡിംഗ്) എഴുതിയവർക്ക് മോഡറേഷൻ അനുവദിച്ചിട്ടില്ല. എന്നാൽ പഴയ സ്കീമിൽ എഴുതിയവർക്ക് (പ്രൈവറ്റ് കാൻഡിഡേറ്റ്സ്) മോഡറേഷൻ താഴെ കാണുന്ന രീതിയിൽ അനുവദിച്ചിരുന്നു:

1. സബ്ജക്ട് മിനിമം ലഭിക്കുകയും എന്നാൽ ഗ്രൂപ്പ് മിനിമം ലഭിക്കാതെയുള്ളവർ—27 മാർക്ക്.

2. ഗ്രൂപ്പ് മിനിമം ലഭിക്കുകയും ജയിക്കുന്നതിനാവശ്യമായ സബ്ജക്ട് മിനിമം ലഭിക്കാതെയുമുള്ളവർ—16 മാർക്ക്.

3. സബ്ജക്ട് മിനിമവും ഗ്രൂപ്പ് മിനിമവും ലഭിക്കാത്തവർ—16 മാർക്ക്.

4. ഏതെങ്കിലും ഒരു ഗ്രൂപ്പ് മാത്രം എഴുതിയിട്ടുള്ളവർ—6 മാർക്ക്.

(സി) 196262 വിദ്യാർത്ഥികളുണ്ട്.

(ഡി) മോഡറേഷന്റെ വിശദ വിവരം താഴെ ചേർക്കുന്നു:

1. സബ്ജക്ട് മിനിമം ലഭിക്കുകയും എന്നാൽ ഗ്രൂപ്പ് മിനിമം ലഭിക്കാതെയുമുള്ളവർ—22 മാർക്ക്.

27 ഗ്രൂപ്പ് മിനിമം ലഭിക്കുകയും ജയിക്കുന്നതിനാവശ്യമായ സബ്ജക്ട് മിനിമം ലഭിക്കാതെയുമുള്ളവർ—17 മാർക്ക്.

3. സബ്ജക്ട് മിനിമവും ഗ്രൂപ്പ് മിനിമവും ലഭിക്കാത്തവർ—17 മാർക്ക്.

4. ഏതെങ്കിലും ഒരു ഗ്രൂപ്പ് മാത്രം പരീക്ഷ എഴുതിയിട്ടുള്ളവർ—5 മാർക്ക്.

(ഇ) 70.6%.

(എഫ്) 56.69%.

അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകളും ജീവനക്കാരുടെ വേതനവും

95 [2408] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ മേൽനോട്ടത്തിൽ നഴ്സറി വിഭാഗം പ്രവർത്തിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly